പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1845 — 10.03.2020 -ൽ മറുപടിയ്ക്ക്

സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് : | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സർക്കാർ ആശുപത്രികളിൽ കടുത്ത മരുന്നുക്ഷാമം ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) ഇല്ല. |
| (ബി) എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ; | (ബി) ബാധകമല്ല. |
| (സി) മരുന്നു കമ്പനികൾക്ക് കുടിശ്ശിക നൽകാനുണ്ടോ എന്നും എങ്കിൽ കുടിശ്ശിക തുക എത്രയെന്നും വ്യക്തമാക്കാമോ; | (സി) ഉണ്ട്.<br>2020 ഫെബ്രുവരി മാസം 29-ാം തീയതി വരെയുള്ള കണക്കനുസരിച്ച് 186.42 കോടി രൂപ മരുന്നു വിതരണം ചെയ്ത വകയിൽ മരുന്നുകമ്പനികൾക്ക് നൽകാനുണ്ട്. കുടിശ്ശിക തുക ഘട്ടം ഘട്ടമായി നൽകിവരുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) സാമ്പത്തിക വർഷത്തിലെ അവസാനപാദത്തിൽ നൽകേണ്ട ഇരുപത്തഞ്ച് ശതമാനം സ്റ്റോക്ക് കമ്പനികൾ എത്തിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ഡി) ഈ സാമ്പത്തിക വർഷത്തിലെ അവസാന പാദ വിതരണത്തിനായി 80.54 കോടി രൂപയുടെ വിതരണോത്തരവ് നൽകുകയും, ഇതിൽ 62.33 കോടി രൂപയുടെ മരുന്നുകൾ ജില്ലാ മരുന്ന് സംഭരണശാലകളിൽ ലഭ്യമാകുകയും, ആശുപത്രികൾക്ക് വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 18.21 കോടി രൂപയുടെ മരുന്നുകളുടെ വിതരണം മാർച്ച് മാസത്തിൽ പൂർത്തിയാക്കുകയും ചെയ്യുന്നതാണ്.<br>ഈ സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ പൊതു മേഖലാ സ്ഥാപനമായ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന് (കെ.എസ്.ഡി.പി) 67.97 കോടി രൂപയുടെ വിതരണോത്തരവുകൾ നൽകിയതിൽ 20.29 കോടി രൂപയുടെ മരുന്നുകൾ കൂടി ലഭിക്കാനുണ്ട്. ഇവ മാർച്ച് മാസത്തിനുള്ളിൽ വിതരണം ചെയ്യുമെന്ന് കെ.എസ്.ഡി.പി. അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | അടുത്ത സാമ്പത്തിക വർഷത്തേക്കുള്ള ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടു ണ്ടോയെന്നും കരാറിൽ ഒപ്പിടാൻ എല്ലാ കമ്പനികളും സന്നദ്ധമാണോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ? | (ഇ) | 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് മരുന്ന് വിതരണത്തിനുള്ള ദർഘാസ് നടപടികൾ പൂർത്തിയാക്കി, 2020 ഫെബ്രുവരി അവസാനവാരം ലെറ്റർ ഓഫ് ഇൻഡന്റ് കമ്പനികൾ നൽകിക്കഴിഞ്ഞു. ലെറ്റർ ഓഫ് ഇൻഡന്റ് നൽകിയ കമ്പനികളൊന്നും എഗ്രിമെന്റ് ഒപ്പിടുന്നതിൽ വിമുഖത അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ